www.malankaralibrary.com

# പിതാവിനെ ഉപേക്ഷിക്കുക!



ഡോ. കെ. എം. ഫ്രാൻസീസ്

പിതൃത്വം എന്നത് പിതാവായ ദൈവത്തിന്റെ പിതൃത്വത്തിൽ മനുഷ്യന് ലഭിക്കുന്ന പങ്കാളിത്വമാണ്. എന്നാൽ പിതൃത്വത്തിന്റെ മഹനീയത മനസ്സിലാക്കാതെയാണ് മനുഷ്യവർഗ്ഗത്തിന്റെ വലിയൊരു വിഭാഗം ഈ ലോക ജീവിതം അവസാനിപ്പിക്കുന്നത്. അനേകം മഹാന്മാരുടെ ജീവചരിത്രം വായിച്ചിട്ടുണ്ടെങ്കിലും, അവരിൽ ഭൂരിഭാഗവും തങ്ങളുടെ അമ്മയെ ഓർക്കുകയും പിതാവിനെ വിസ്മരിക്കുകയും ചെയ്യുന്നു. അപ്പനെ കുറിച്ചുള്ള ഈ ഓർമ്മകുറവാണ് മനുഷ്യവർഗ്ഗത്തിന്റെ പ്രധാനരോഗം. അമ്മയ്ക്കപ്പുറത്തുള്ള അപ്പനെ അറിയാത്തവർക്ക് പ്രപഞ്ചത്തിന് പുറകിലുള്ള ദൈവത്തെ മനസ്സിലാക്കുക സാധ്യമല്ല. അപ്പനെയും അമ്മയെയും തുല്യമായി സ്നേഹിക്കാൻ പലമക്കൾക്കും കഴിയുന്നില്ല.

അപ്പൻ എത്രമാത്രം മക്കളുടെ കാര്യത്തിൽ വേദനിക്കുന്നവനാണെന്ന് മനുഷ്യവർഗ്ഗത്തെ ഓർമ്മിപ്പിക്കുന്നത് പരിശുദ്ധ കന്യകാമറിയമാണ്. യേശുവിന് പന്ത്രണ്ട് വയസ്സുള്ളപ്പോൾ ദേവാലയത്തിൽ വെച്ച് കാണാതായി. വീണ്ടും യേശുവിനെ ദേവാലയത്തിൽവെച്ച് കണ്ടുമുട്ടുമ്പോൾ പരിശുദ്ധ മറിയം യേശുവിനോട് പറയുന്ന വാക്കുകൾ പഠന വിഷയമാക്കേണ്ടതാണ്. “നിന്റെ പിതാവും, ഞാനും” നിന്നെ കാണാത്തതിനാൽ വേദനിക്കുകയായിരുന്നു. എന്നാൽ പലപ്പോഴും അമ്മമാർ മക്കളോട് സംസാരിക്കുമ്പോൾ “നിന്റെ അപ്പന് നിന്നെകുറിച്ച് ഒരു ചിന്തയുമില്ലായിരുന്നു, ഞാനായിരുന്നു നിനക്കുവേണ്ടി മനസ്സുമുഴുവൻ വേദനിച്ച് നടന്നത്.” ഈ പ്രസ്താവന അപ്പനെ സ്നേഹിക്കുന്നതിൽ നിന്നും അതുവഴി ദൈവത്തെ സ്നേഹിക്കുന്നതിൽ നിന്നും മക്കളെ തടയുകയാണ് ചെയ്യുന്നത്. എന്നാൽ മറിയത്തെ ശ്രവിക്കുക. പ. മറിയത്തേക്കാൾ കൂടുതൽ വി. യൗസേപ്പ്, യേശുവിന്റെ കാര്യത്തിൽ വേദനിയ്ക്കുന്നുവെന്നാണ് അമ്മ മകനോട് പറയുന്നത്. പിതാക്കന്മാർ മക്കൾക്കുവേണ്ടി എത്രമാത്രം കഷ്ടപ്പാടുകൾ സഹിക്കുന്നുണ്ടെന്ന് അവർ ജീവിച്ചിരിക്കുമ്പോൾ മക്കൾക്ക് സാധാരണയായി മനസ്സിലാകാറില്ല. എന്നാൽ അത് മനസ്സിലാക്കി തരാൻ ദൈവം തന്നെ ചില മാർഗ്ഗങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. അപ്പന്മാർ അനേകം കഷ്ടപ്പാടുകൾ മക്കൾക്കുവേണ്ടി സഹിക്കുന്നുണ്ട്. എന്നാൽ അവർ പ്രായപൂർത്തിയാകുമ്പോൾ, അവരെകുറിച്ച് അനേകം പരാതികൾ അപ്പന്മാർക്കുണ്ട്. ഒരു അപ്പന് തന്റെ മക്കളെ ക്കുറിച്ചുള്ള പരാതികളാണ് അവന്റെ അപ്പന് അവനെകുറിച്ചുള്ളത്. ഇക്കാര്യം മനസ്സിലാക്കാൻ ഇപ്പോൾ ജീവിച്ചിരിക്കുന്ന അപ്പന്മാർക്ക് കഴിയുന്നില്ല. സ്വന്തം അപ്പന്റെ മഹത്വം മനസ്സിലാക്കാത്ത ഒരു മനുഷ്യനും, സ്വന്തം മക്കളുടെ സ്നേഹം അനുഭവിക്കാൻ കഴിയില്ല.

**അപ്പനിൽ നിന്ന് ലഭിക്കേണ്ടത് അവകാശമോ ഔദാര്യമോ?**

എന്തുകൊണ്ടാണ് മനുഷ്യന് അപ്പന്മാരെ മനസ്സിലാക്കാൻ കഴിയാത്തത്. വി. ഗ്രന്ഥം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. മുടിയനായ പുത്രന്റെ പതനത്തിന്റെ

www.malankaralibrary.com



ആരംഭം സ്വത്തിന്റെ അവകാശതർക്കത്തിൽ നിന്നാണ്. അവൻ അപ്പനോട് പറഞ്ഞു "എന്റെ സ്വത്തിന്റെ അവകാശം എനിക്ക് തരിക." പിതൃസ്വത്ത് ഭാഗം വെയ്ക്കാൻ യേശുവിനോട് ആവശ്യപ്പെട്ടപ്പോൾ, അത് ചെയ്യാൻ വിസമ്മതിച്ചവനാണ് യേശു ക്രിസ്തു.

അപ്പന്റെ പക്കൽനിന്ന് അവകാശം പിടിച്ചുവാങ്ങുകയോ, കിട്ടിയത് പോരാ എന്ന് പരാതി പറയുകയോ ചെയ്ത ആരും തന്നെ, സ്വന്തം തെറ്റ് ഏറ്റുപറയാതെ, ജീവിതത്തിൽ വിജയിച്ചിട്ടില്ല. വി. ഗ്രന്ഥത്തിന്റെ ആദ്യത്തെ ഗ്രന്ഥമായ ഉൽപ്പത്തി പുസ്തകത്തിന്റെ അമ്പത് അദ്ധ്യായങ്ങളിലൂടെ കടന്നുപോകുന്ന ഒരു യുക്തി (logos) പിതാവും മക്കളും തമ്മിലുള്ള ബന്ധമാണ്. അപ്പൻ എന്നേക്കാൾ കൂടുതൽ മറ്റൊരു മകനെ സ്നേഹിക്കുന്നുവെന്ന പരാതിയാണ് അതിൽ പ്രധാനം. കായേന് അബേലിനോട് തോന്നുന്നതും, ഏസാവിന് യാക്കോബിനോട് തോന്നുന്നതും, യാക്കോബിന്റെ പന്ത്രണ്ടു മക്കൾക്ക് ജോസഫിനോട് തോന്നുന്നതും ശത്രുതയാണ്. ഈ ശത്രുതയുടെ കാരണം അപ്പന്റെ നീതിരാഹിത്യമാണെന്ന് മക്കൾ ആരോപിക്കുന്നു. ഈ മക്കളോട് പുതിയ നിയമം പറയുന്നു "ഔസേപ്പ് നീതിമാനാണ്." ലോകത്തിലെ സകല മനുഷ്യരുടെയും ആന്തരികതയിൽ മാതാപിതാക്കളെ ഇത്തരത്തിൽ സമ്പൂർണ്ണമായി നീതിമാനായിരുന്നുവെന്ന് സ്വീകരിക്കുന്നതിന് തടസ്സമുണ്ട്. ഈ പ്രവണത ഒരു സാർവ്വത്രിക (Universal) തിന്മയായതുകൊണ്ടാണ്, മാതാവിനേയും പിതാവിനേയും ബഹുമാനിക്കുക എന്ന ഒരു സാർവ്വത്രിക നിയമം മോശ നൽകിയത്. അതുകൊണ്ട് പിതാവിനോടുള്ള ശത്രുത ചിലരുടെ മാത്രം പ്രശ്നമല്ല, എല്ലാ മനുഷ്യന്റേയും പ്രശ്നമാണ്. സ്വർഗ്ഗ പിതാവിന്റെ പിതൃത്വത്തിൽ പങ്കാളിയാകുന്ന ഭൗമീക പിതാക്കന്മാർക്കു മാത്രമല്ല, ആത്മീയ പിതൃത്വത്തിൽ പങ്കുചേരുന്ന സന്യസ്തർക്കും തങ്ങളുടെ ദൗത്യം പൂർണ്ണമാക്കാൻ കഴിയാതെ പരാജയപ്പെടുന്നതിന്റെ കാരണം അവരുടെ അപ്പനെ നീതിമാന്മാരായി സ്വീകരിക്കാനുള്ള വിസമ്മതത്തിൽ നിന്നാണ്. ഒരുവന് സ്വന്തം

www.malankaralibrary.com

പിതാവിനോട് വെറുപ്പുണ്ടെന്ന് അറിയാനുള്ള ഏകമാർഗ്ഗം, സ്വന്തം സഹോദര ന്മാരോടോ സഹോദരിമാരോടോ വെറുപ്പുണ്ടോയെന്ന് പരിശോധിക്കുകയാണ്. സ്വന്തം സഹോദരനോട് വെറുപ്പുണ്ടെങ്കിൽ അതിന്റെ കാരണം സ്വന്തം അപ്പ നോടുള്ള വെറുപ്പാണ്. ഇത്തരം വ്യക്തികൾ ആർക്ക് നാശമുണ്ടായാലും അതിന്റെ ഉത്തരവാദിത്വം അവരുടെ പിതാമഹന്മാർക്കാണെന്ന് ആരോപിക്കുകയും ചെയ്യും. നിങ്ങൾ സ്വയം തിരിച്ചറിയുക; നിന്റെ പിതാവ് നല്ലതല്ലാത്തതുകൊണ്ടാണ് നീ നശിച്ചതെന്ന നിഗമനം നിങ്ങൾ ആരെയെങ്കിലും കുറിച്ച് പറയുന്നുണ്ടെങ്കിൽ, അത് നിങ്ങളുടെ അപ്പനെക്കുറിച്ചുള്ള നിങ്ങളുടെ പരാതിയാണ്. ഈ പരാതി യിൽ നിന്നാണ് പൂർവ്വപിതാക്കന്മാരുടെ ശാപമാണ് നിന്റെ കഷ്ടപ്പാടിന്റെ കാര ണമെന്ന സിദ്ധാന്തം ഉരുത്തിരിയുന്നത്.

**പിതാവിനെ ഉപേക്ഷിക്കുക**

ഒരുവന്റെ പ്രവർത്തികൾ അവനവനിൽ നിന്ന് പുറപ്പെടുമ്പോഴാണ്, അവൻ സ്വതന്ത്രവ്യക്തിയാകുക. ഒരുവന്റെ പ്രവർത്തിയുടെ കാരണം മറ്റൊന്നായാൽ അവൻ അടിമയാണ്. സ്വന്തം തെറ്റിന്റെയും, പരാജയത്തിന്റേയും കാരണം മറ്റു ള്ളവനിൽ ആരോപിക്കുന്നവൻ അടിമയാണ്. സ്വന്തം പ്രവർത്തികളുടെ ഉത്തര വാദിത്വം ഏറ്റെടുക്കുന്നവൻ, സ്വന്തം തെറ്റിന്റെ കാരണം പിതാമഹന്മാരുടെ തെറ്റാ ണെന്ന് ആരോപിക്കുകയില്ല. സ്വന്തം പ്രവർത്തിയുടെ എല്ലാ ഉത്തരവാദിത്വവും എന്റേതെന്നു പറയുന്നവന് മാത്രമാണ് എന്റെ പിഴ എന്റെ പിഴ എന്റെ വലിയ പിഴ എന്ന് പറയുവാൻ കഴിയുക. അല്ലാത്തവരെല്ലാം എന്റെ തെറ്റിന്റെയും, പരാ ജയത്തിന്റെയും ഉത്തരവാദിത്വം എന്റെ അപ്പന്റെ പിഴ, എന്റെ അപ്പാപ്പന്റെ പിഴ, എന്റെ മുത്തപ്പാപ്പന്റെ വലിയപിഴ എന്ന് ആവർത്തിച്ചുകൊണ്ടേയിരിക്കും.

അതിനാൽ സ്വാതന്ത്ര്യം പ്രാപിക്കേണ്ടത് പിതാവിൽ നിന്നാണ്. അതിനായി നാം അപ്പനെ ഉപേക്ഷിച്ചു അവനവനിലേക്ക് തിരിച്ചുവരണം. എനിയ്ക്ക് അർഹി ക്കുന്നതിനേക്കാൾ കൂടുതൽ എന്റെ അപ്പൻ എനിക്ക് തന്നിട്ടുണ്ട് എന്ന് മനസ്സിൽ ധ്യാനിക്കുന്നതാണ് അപ്പനെ ഉപേക്ഷിക്കുവാനുള്ള ആദ്യമാർഗ്ഗം. മറ്റൊരു വിധ ത്തിൽ എന്റെ അപ്പൻ, അപ്പനേക്കാളുപരി എന്നെ സ്നേഹിച്ചിരുന്നുവെന്ന് അംഗീ കരിക്കുക എന്നതാണ് പിതൃദിനത്തിൽ ഒരു പിതാവിന് നൽകാവുന്ന ഏറ്റവും വലിയ സമ്മാനം. നീ നിന്റെ മാതാവിനേയും, പിതാവിനേയും 'വിട്ട്' ഉപേക്ഷി ക്കുക, നിന്നെ ഞാൻ രാജാവും, റാണിയുമാക്കി മാറ്റുമെന്ന് ദൈവത്തിന്റെ യുക്തി (divine logos) നമ്മോട് പറയുന്നു. നാം നമ്മുടെ അപ്പനേയും അമ്മയേയും പൂർണ്ണ മായി ഉപേക്ഷിക്കുകയെന്നാൽ അതിന്റെയർത്ഥം, നമ്മുടെ എല്ലാ പരാജയത്തിന്റെ കാരണം ഞാനാണെന്നും, എന്റെ എല്ലാ വിജയത്തിന്റെ കാരണം അപ്പനാണെ ന്നുമുള്ള പ്രഖ്യാപനമാണ്. ഇങ്ങിനെ ചെയ്യുന്നവർക്കു മാത്രമെ എന്റെ കുടുംബ ത്തിലുണ്ടാകുന്ന പരാജയത്തിന്റെ കാരണം ഞാനാണെന്നും, വിജയത്തിന്റെ കാരണം ജീവിതപങ്കാളിയാണെന്നും അംഗീകരിക്കാൻ കഴിയുക. അതുകൊണ്ട് ജീവിത പങ്കാളിയേയും, സഹോദരിസഹോദരന്മാരെയും നിങ്ങൾക്ക് ഉൾക്കൊ ള്ളാനും സ്വീകരിക്കാനും കഴിയുന്നില്ലെങ്കിൽ അതിന്റെ അർത്ഥം നിങ്ങൾ നിങ്ങ ളുടെ പിതാവിനെ വെറുക്കുന്നുവെന്നാണ്. സ്വന്തം അപ്പനെ സ്നേഹിക്കാത്ത വന് ആരെയും സ്നേഹിക്കുക സാധ്യമല്ല. ●